Chief Minister (Shri E. M. S. Namboodiripad):

Particulars are being collected.

സൈക്കിൾ ഫാക്ടറി.

* 1574. [4] ശ്രീ. പി. ഗോപാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാപ്പനംകോട്ട് സൈക്കിൾ ഫാക്ടറിയിൽ ഉദ്യോഗസ്ഥന്മാർക്ക് ശമ്പളം ഇനത്തിൽ പ്രതിമാസം എന്തു ചെലവാകും;

(ബി) സൈക്കിളിന്റെ ഏതെല്ലാം ഭാഗങ്ങൾ വാങ്ങുന്നുണ്ട്;

(സി) വല്ല സാങ്കേതിക വിദഗ്ദ്ധന്മാരെയും നിയമിച്ചിട്ടുണ്ടോ;

വ്യവസായവകുപ്പുമന്ത്രി (ശ്രീ. കെ. പി. ഗോപാലൻ):

(എ) 1,204 രൂ.

(ബി) ഫ്രെയിം ഒഴികെ ബാക്കിയുള്ള ഭാഗങ്ങൾ ഇപ്പോൾ വാങ്ങുന്നുണ്ട്.

(സി) ഉണ്ട്; ഇപ്പോൾ, വർക്സ് മാനേജരും, ഫോർമാനും ഉണ്ട്.

ശ്രീ. പി. ഗോപാലൻ: സൈക്കിൾ നിർമ്മിക്കുന്നതിനുള്ള ഭാഗങ്ങളിൽ എത്ര ശതമാനം അവിടെ ഉൽപ്പാദിപ്പിക്കുന്നുണ്ട്?

ശ്രീ. കെ. പി. ഗോപാലൻ: ഫ്രെയിം മാത്രമേ ഉൽപ്പാദിപ്പിക്കുന്നുള്ളൂ; ബാക്കിയുള്ള ഭാഗം മുഴുവൻ വെളിയിൽനിന്നും വാങ്ങുകയാണ് ചെയ്യുന്നത്.

കേരളത്തിലെ ഔദ്യോഗിക ഭാഷ.

* 1575. [5] ശ്രീ. പി. ആർ. ഫ്രാൻസിസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ ഔദ്യോഗികഭാഷ മലയാളത്തിലാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ എന്നത്തേക്ക് ആക്കും;

(സി) ഇംഗ്ലീഷിന്റെയും ഹിന്ദിയുടെയും നില എന്തായിരിക്കും?

മുഖ്യമന്ത്രി (ശ്രീ. ഇ. എം. എസ്. നമ്പൂതിരിപ്പാട്):

(എ) ഉണ്ട്.

(ബി) തീരുമാനിച്ചിട്ടില്ല.

(സി) ഈ സ്റ്റേറ്റും, മറ്റു സ്റ്റേറ്റുകളും, കേന്ദ്രവും തമ്മിലുള്ള കത്തിടപാടുകളും, കേന്ദ്രം നിശ്ചയിക്കുന്ന മറ്റു കാര്യങ്ങളും നടത്തുന്നതിനു് ഈ ഭാഷകൾ ഉപയോഗിക്കും.

ശ്രീ. കെ. ഹസ്സൻ ഗനി: ഇതിനുവേണ്ടി എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്?

ശ്രീ ഇ. എം. എസ്. നമ്പൂതിരിപ്പാട്: ഇതു സംബന്ധിച്ചു് ഒരു കമ്മിറ്റിയെ നിയമിച്ചു; കമ്മിറ്റി റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളതായി ബഹു മാനപ്പെട്ട അംഗത്തിനറിയാം. കമ്മിറ്റി, ഇതുസംബന്ധിച്ചു് ഒരു മെമ്മോറാണ്ടം തയ്യാറാക്കിയിട്ടുണ്ട്. അതു അച്ചടിപ്പിക്കുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly